വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) :

(എ) സർവ ശിക്ഷാ അഭിയാന്റെ സംയോജിത വിദ്യാഭ്യാസ പദ്ധതി പ്രകാരം ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ മറ്റുകുട്ടികളോടൊപ്പം മുഖ്യ ധാരയിലെത്തിക്കുന്നതിനായുള്ള പ്രവർത്തനങ്ങളാണ് ലക്ഷ്യമിടുന്നത്.

(ബി) സർവ ശിക്ഷാ അഭിയാന്റെ ബ്ലോക്ക് റിസോഴ്സ് തലത്തിൽ നിയമിതരാകുന്ന റിസോഴ്സ് അധ്യാപകർ ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ മുഖ്യധാരയിലെത്തിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. ടി കുട്ടികളെ പഠിപ്പിക്കുന്നതിനായി അധ്യാപകരെ പരിശീലിപ്പിക്കുകയും ചെയ്തുവരുന്നു. സർവ ശിക്ഷാ അഭിയാനുകീഴിലുള്ള റിസോഴ്സ് അധ്യാപകരെ 2014-15 സ്കൂൾവർഷം തുടങ്ങുന്നതിനുമുമ്പു തന്നെ നിയമിക്കുകയുണ്ടായി.

(സി) എയ്ഡഡ് പദവി നൽകുന്നത് ടി വിഭാഗത്തിൽപ്പെടുന്ന കുട്ടികളുടെ ക്ഷേമത്തിനും വിദ്യാഭ്യാസത്തിനുമായുള്ള നയപരമായ തീരുമാനമാണ്.

സംസ്ഥാന ലൈബ്രറി കൗൺസിൽ

25 (*685) ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. ജി. സുധാകരൻ :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ലൈബ്രറി കൗൺസിലിന്റെ പ്രവർത്തന കാലാവധി എത്ര വർഷമാണ് ;

(ബി) നിലവിലെ ലൈബ്രറി കൗൺസിലിന്റെ കാലാവധി എന്നാണ് അവസാനിക്കുന്നത് ;

(സി) കൗൺസിലിന്റെ സുഗമമായ പ്രവർത്തനത്തിന് തടസ്സങ്ങളുണ്ടോ ;

(ഡി) നിലവിലുള്ള കൗൺസിലിന്റെ പ്രവർത്തന കാലാവധി തീരും മുൻപേ കൗൺസിലിനെ പിരിച്ചുവിടുന്നതിനു ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) എങ്കിൽ കൗൺസിലിനെ പിരിച്ചുവിടുന്നതിനുള്ള നടപടിയിൽനിന്ന് പിന്തിരിയാൻ തയ്യാറാകുമോ ;

(എഫ്) ലൈബ്രറി കൗൺസിലിന്റെ പ്രവർത്തനത്തിനാവശ്യമായ ഫണ്ട് നൽകുന്നതിൽ സർക്കാർ വിമുഖത കാട്ടുന്നുണ്ടോ ; കഴിഞ്ഞ സാമ്പത്തികവർഷത്തെ ബജറ്റിൽ ലൈബ്രറി കൗൺസിലിനു വകയിരുത്തിയ തുകയും നൽകിയ തുകയും എത്രയെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) :

(എ) 5 വർഷം

(ബി) 2015 ഏപ്രിൽ

(സി) ഇല്ല

(ഡി & ഇ) ഇപ്പോൾ ഇല്ല.

(എഫ്) 2012-13 സാമ്പത്തികവർഷം ലൈബ്രറിക്ക് ഗ്രാന്റ് നൽകിയത് പ്രിവ നിബന്ധനകൾക്ക് വിധേയമായിട്ടായിരുന്നു. 2013-14 സാമ്പത്തിക വർഷം ടി നിബന്ധനകൾ യഥാസമയം പാലിക്കാത്തതിനാൽ കൗൺസിലിന് ലഭ്യമാക്കേണ്ടിയിരുന്ന ബജറ്റ്വിഹിതം പൂർണ്ണമായും ലഭ്യമാക്കിയില്ല. 2013-14 സാമ്പത്തികവർഷം ബജറ്റിൽ കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് പദ്ധതിയിനത്തിൽ 70,00,000 (എഴുപത് ലക്ഷം രൂപമാത്രം) രൂപയും പദ്ധതിയേതരയിനത്തിൽ 16,33,50,000 (പതിനാറ് കോടി മുപ്പത്തിമൂന്ന് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) രൂപയും വകയിരുത്തിയിരുന്നു. ഇതിൽ പദ്ധതിയിനത്തിൽ 70,00,000 രൂപയും, പദ്ധതിയേതരയിനത്തിൽ 17,30,00,000 രൂപയും കൗൺസിലിന് ലഭ്യമാക്കുകയുണ്ടായി.

ദേശീയപാതാ വികസനം

26 (*686) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. കെ. കെ. നാരായണൻ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. സി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയപാതാ വികസനം സംബന്ധിച്ച് കേന്ദ്രസർക്കാർ അന്തിമ നിലപാട് അറിയിച്ചിട്ടുണ്ടോ ; ഇത് ആശാവഹമാണോ ;

(ബി) സ്ഥലംവിട്ടുനൽകുന്നവർക്കുള്ള പുനരധിവാസ പാക്കേജിന് കേരളത്തിന് പ്രത്യേക പരിഗണന വേണമെന്ന ആവശ്യം ഉന്നയിച്ചിട്ടുണ്ടോ ; പ്രസ്തുത ആവശ്യത്തിന് മറുപടി ലഭ്യമായിട്ടുണ്ടോ ;

(സി) ദേശീയപാതാ വികസനത്തിൽനിന്നും കേന്ദ്രം പൂർണ്ണമായും പിന്മാറുന്നപക്ഷം റോഡ് വികസനം എത്രത്തോളം പ്രതിസന്ധിയിലാകാൻ സാധ്യതയുണ്ട് ; മറ്റു പരിഹാരമാർഗ്ഗങ്ങൾ പരിഗണനയിലുണ്ടോ ; വിശദമാക്കുമോ ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) :

LIBRARY ARCHIVES Kerala Legislative Assembly